സ്റ്റെഡ് പ്രോജക്ട്

84. [849] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 17.05.2005-ൽ കോഴിക്കോട് ജില്ലാ കളക്ടർ ചെയർമാൻ ആയുള്ള സ്റ്റെഡ് പ്രോജക്ടിന്റെ ടാസ്ക് ഫോഴ്സ് കമ്മിറ്റിയുടെ യോഗതീരുമാന പ്രകാരം സ്റ്റെഡ് പ്രോജക്ട് പുനഃസംഘടിപ്പിക്കുന്നതിന് വേണ്ടി സ്റ്റിയറിംഗ് കമ്മിറ്റി കൂടുന്നതിന് ചീഫ് സെക്രട്ടറിക്കും കൂടി സൗകര്യപ്രദമായ ഒരു തീയതി നിശ്ചയിക്കുന്നതിന് സയൻസ് & ടെക്നോളജി വകുപ്പിന്റെ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നോ ;

(ബി) ഇത് പ്രകാരം സ്റ്റിയറിംഗ് കമ്മിറ്റി കൂടുന്നതിനുള്ള തീയതി തീരുമാനിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ തീയതി തീരുമാനിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ;

(ഡി) ഇങ്ങനെ തീയതി തീരുമാനിക്കുന്നതിലുണ്ടായ കാലതാമസം എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(എ) സ്റ്റെഡ് പ്രോജക്ട് പുനഃസംഘടിപ്പിക്കുന്നതിന് വേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചുമതലപ്പെടുത്തിയിരുന്നു.

(ബി) ഉണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) കാലതാമസം ഉണ്ടായതായി കരുതുന്നില്ല.

(ഇ) ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 21-07-2005-ൽ സ്റ്റിയറിംഗ് കമ്മിറ്റി കൂടുവാൻ തീരുമാനിച്ചിട്ടുണ്ട്.

ഇടിമിന്നൽ സാദ്ധ്യതാ പ്രദേശങ്ങൾ

85. [850] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 5 വർഷത്തിനിടയിൽ ഇടി മിന്നലേറ്റ് എത്ര പേർ മരണമടഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly